**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5953** **25-03-2025 - ൽ മറുപടിയ്ക്ക്**

**കക്കയം ഹൈഡൽ ടൂറിസം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കക്കയം ഹൈഡൽ ടൂറിസം വികസനത്തിനായി, കക്കയത്ത് കെ.എസ്.ഇ.ബി.യും വനം വകുപ്പും തമ്മിലുള്ള ഭൂമി തർക്കം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ്സിഡിയറി യൂണിറ്റ് ആയ കേരള ഹൈഡൽ ടൂറിസം സെന്ററും വനം വകുപ്പുമായി റിസർവോയർ ഭൂമി സംബന്ധിച്ചുള്ള തർക്കം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WPC 15467/2016 പ്രകാരം നടന്നുവരികയാണ്. പ്രസ്തുത കേസിൽ നാലാമത്തെ കക്ഷിയായി കെ.എസ്.ഇ.ബി.എൽ. കക്ഷി ചേർന്നിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട ഹിയറിങ്ങ് അവസാനമായി നടന്നത് 18.06.2024-ന് ആയിരുന്നു. |
| (ബി) | വനം വകുപ്പും കെ.എസ്.ഇ.ബി.യും തമ്മിലുള്ള ഭൂമി തർക്കം പരിഹരിക്കാത്തത് കാരണം ബാണാസുര സാഗർ-കക്കയം-പെരുവണ്ണാമൂഴി വൻകിട ടൂറിസം പദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വനംവകുപ്പുമായുള്ള തർക്കം നിലനിൽക്കുന്നതിനാൽ മേൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ബാണാസുരസാഗർ, കക്കയം യൂണിറ്റുകളിൽ പ്രത്യേകമായി ഹൈഡൽ ടൂറിസം വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br><br>പെരുവണ്ണാമൂഴി ജലസേചന വകുപ്പിന്റെ കീഴിലാണ്. |

സെക്ഷൻ ഓഫീസർ